# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 396

27/06/2013-ൽ
മറുപടിയ്ക്ക്

<u>കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>

**ചോദ്യം**

ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി.എ.മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ബെന്നി ബെഹനാൻ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br>(ബി) | സംസ്ഥാനത്ത് കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ)<br>&<br>(ബി) | കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം 2012-13 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ നാക് അക്രഡിറ്റേഷൻ കിട്ടാത്ത സ്ഥാപനങ്ങളെ അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. 12- ാം പദ്ധതിയിൽ നാക് അംഗീകാരം ലഭിക്കുന്നതിനായി രണ്ടോ മൂന്നോ കോളേജുകളെ ഓരോ വർഷവും സജ്ജമാക്കുകയും തൊട്ടടുത്ത വർഷത്തിൽ രണ്ടോ മൂന്നോ കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി മുൻകൂട്ടി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. അനുവദിക്കുന്ന തുകയിൽ 75% തുക അടിസ്ഥാന സൗകര്യ വികസനത്തിനും 25% തുക മറ്റു പ്രവർത്തികൾക്കും ഉപയോഗിക്കാവുന്നതാണ്. |
| (സി) | ഏതെല്ലാം കോളേജുകളിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ ഗവൺമെന്റ് കോളേജ് മൂന്നാർ, ഗവൺമെന്റ് കോളേജ് കോട്ടയം, ഗവൺമെന്റ് കോളേജ് ചിറ്റൂർ, ഗവൺമെന്റ് കോളേജ് തിരൂർ എന്നീ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ സാമ്പത്തിക വർഷം പി.ടി.എം.ഗവൺമെന്റ് കോളേജ് പെരിന്തൽമണ്ണ, ബി.ജെ.എം. ഗവൺമെന്റ് കോളേജ് ചവറ, ഗവൺമെന്റ് കോളേജ് കല്പറ്റ എന്നീ കോളേജുകളെ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | എൻ.എ.സി.സി റേറ്റിംഗ് ലഭിക്കുന്നതിന് ഈ പ്രോഗ്രാം എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത് ? | (ഡി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരത്തെ വിലയിരുത്തുന്നത് നാക് റേറ്റിംഗിന്റെ അടിസ്ഥാനത്തിലാണ്. അക്രഡിറ്റേഷൻ |

| | | | |
|---|---|---|---|
| | | | ലഭിക്കണമെങ്കിൽ കോളേജുകൾ നവീകരിക്കേണ്ടതും പശ്ചാത്തല സൌകര്യ വികസനം, അക്കാദമിക് ഉയർച്ച, നൂതന ലാബ് / ലൈബ്രറി സൗകര്യങ്ങൾ, സെമിനാർ ഹാൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട ഭൗതിക സാഹചര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിലൂടെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനവും മറ്റു ഭൗതിക സാഹചര്യങ്ങളും വർദ്ധിപ്പിക്കുന്ന പ്രവർത്തികളാണ് ചെയ്തു വരുന്നത്. ആയതിനാൽ ഈ സ്കീമിൽ തിരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭ്യമാകുന്നതിന് സഹായകമാകും. |

സെക്ഷൻ ഓഫീസർ